LIBRARY ARCHIVES Kerala Legislative Assembly

## ബ്രഹ്മോസിന്റെ വികസനം

173 (8009) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രഹ്മോസിന്റെ വികസനവുമായി ബന്ധപ്പെട്ട് കേരള സർക്കാരുമായി ഏതെങ്കിലും കരാർ നിലവിലുണ്ടെങ്കിൽ വിശദമാക്കുമോ ;

(ബി) ബ്രഹ്മോസിന്റെ 2012 മുതലുള്ള ലാഭനഷ്ടകണക്കുകൾ വിശദമാക്കുമോ ;

ഉത്തരം

(എ) 5-12-2007-ന് കേരള സർക്കാർ കെൽട്രെക് എന്ന സ്ഥാപനം ബ്രഹ്മോസ് എയ്റോസ്പേസ് (പ്രൈ.) ലിമിറ്റഡിന് കൈമാറ്റം ചെയ്യുന്നത് സംബന്ധിച്ച് ഒരു കൈമാറ്റ കരാർ ഒപ്പുവച്ചിട്ടുണ്ട്. ഈ കൈമാറ്റ കരാർ പ്രകാരം കേരള സർക്കാർ ബ്രഹ്മോസിന് കൂടുതൽ സൗകര്യങ്ങൾ നിർമ്മിക്കുന്നതിലേക്കാവശ്യമായി വരുന്ന ഭൂമി ലഭ്യമാക്കുന്നതിനും പുതിയ സൗകര്യങ്ങൾ ഒരുക്കുന്നതിലേക്കാവശ്യമായി വരുന്ന നിയമപരമായും അനുബന്ധമായ എല്ലാ സഹായവും നൽകുന്നതായിരിക്കുമെന്ന് വ്യവസ്ഥയുള്ളതാണ്. മേൽപ്പറഞ്ഞ കൈമാറ്റ കരാർ അല്ലാതെ, ബ്രഹ്മോസിന്റെ വികസനവുമായി ബന്ധപ്പെട്ട് ഒരു കരാറും കേരള സർക്കാരും ബ്രഹ്മോസും തമ്മിൽ നിലവിലില്ല.

(ബി) ഓഡിറ്റ് ചെയ്യപ്പെട്ട കണക്കുകളനുസരിച്ച് കമ്പനിക്ക് 2011-12 സാമ്പത്തിക വർഷത്തിൽ 3.36 കോടി രൂപയുടെ നഷ്ടവും 2012-13 സാമ്പത്തിക വർഷത്തിൽ 3.24 കോടി രൂപയുടെ നഷ്ടവുമുണ്ടായിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തെ കണക്കെടുപ്പും ഓഡിറ്റും നടന്നുകൊണ്ടിരിക്കുകയാണ്.

## കേരള ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ പ്രവർത്തനം

174 (T* 8010) ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. സി. കെ. നാണു :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പർച്ചേസ് ഓർഡർ ലഭിച്ചതിനുശേഷം ഉത്പാദിപ്പിച്ച മരുന്നുകൾ വാങ്ങിക്കൊണ്ട് പോകാത്തതുമൂലം ഭീമമായ ധനനഷ്ടം കമ്പനിക്ക് ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

**ഉത്തരം**

(എ) ഉണ്ട്.

(ബി) ഉണ്ട് ; 2013-14 വർഷത്തിൽ ലെറ്റർ ഓഫ് ഇന്റെന്റ് അനുസരിച്ച് ഉത്പാദിപ്പിച്ച മരുന്നുകൾക്ക് പർച്ചെയ്സ് ഓർഡർ ലഭിക്കാത്തതുമൂലം 59.33 ലക്ഷം രൂപയുടേയും അസംസ്കൃത വസ്തുക്കളുടെ ഇനത്തിൽ 134.18 ലക്ഷം രൂപയുടേയും നഷ്ടമുണ്ടായിട്ടുണ്ട്.

**മലബാർ സിമന്റ്സ് ലിമിറ്റഡ്**

175 (8011) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ മലബാർ സിമൻറ്സ് ലിമിറ്റഡ് കഴിഞ്ഞ 8 വർഷമായി എത്ര കോടി രൂപയാണ് ലാഭമുണ്ടാക്കിയതെന്ന വ്യക്തമാക്കാമോ ;

(ബി) ഓരോ വർഷത്തെയും ലാഭവിവരം പ്രത്യേകം പ്രത്യേകമായി അറിയിക്കുമോ ;

(സി) കസ്തൂരി രംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ വ്യവസായ സ്ഥാപനം എന്തെങ്കിലും തരത്തിലുള്ള ഭീഷണി നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഫാക്ടറി പ്രദേശത്തെ ഇ.എസ്.എയിൽ നിന്നും ഒഴിവാക്കി കിട്ടുന്നതിനുവേണ്ടി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എന്തെല്ലാമാണെന്നു വ്യക്തമാക്കാമോ ?

**ഉത്തരം**

(എ & ബി) മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ കഴിഞ്ഞ 8 വർഷത്തെ ലാഭക്കണക്കിന്റെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഉണ്ട്; കസ്തൂരി രംഗൻ റിപ്പോർട്ട് അതേപടി പ്രാബല്യത്തിൽ വന്നാൽ മലബാർ സിമന്റ്സിന്റെ ഖനിക്കും ഫാക്ടറിക്കും ടൗൺഷിപ്പിനും ഭീഷണിയാകുന്നതാണ്. റിപ്പോർട്ട് പ്രാബല്യത്തിൽ വരികയാണെങ്കിൽ 2019-ഓടുകൂടി ഖനിയുടെയും ഫാക്ടറിയുടെയും പ്രവർത്തനം പൂർണ്ണമായി നിർത്തേണ്ടതായിവരും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്